"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.13/2026/CSIND തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:- 1. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28/04/2025-തീയതിയിലെ E6-1576/20/IN & KP നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉൾനാടൻ ജലഗതാഗത വകുപ്പ് നടപ്പാക്കിവരുന്ന കോവളം-ബേക്കൽ വെസ്റ്റ്കോസ്റ്റ് കനാൽ വികസനം, മറ്റ് കനാൽ വികസന പ്രവൃത്തികൾ, കനാൽ പുറമ്പോക്കിലുള്ളവരുടെ പുനരധിവാസം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക വാഹനങ്ങൾ ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും, സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങാൻ 100 കോടി രൂപ അനുവദിക്കുന്നതായി 2025-26 ബജറ്റ് പ്രസംഗത്തിലെ 205-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ വകുപ്പിലെ ഓഫീസുകൾക്കായി 7 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉൾനാടൻ ജലഗതാഗത വകുപ്പിൽ വെസ്റ്റ്കോസ്റ്റ് കനാൽ വികസനം ഉൾപ്പെടെയുള്ള കനാൽ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഫീൽഡ് ഓഫീസേഴ്സിന് യാത്രാസൗകര്യം ഒരുക്കുന്നതിന് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി 7 വാഹനങ്ങൾ വാങ്ങുന്നതിന് 2025-26 ബജറ്റ് പ്രസംഗത്തിലെ 205-ാം ഖണ്ഡികയിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വാഹനങ്ങൾ വാങ്ങുന്നത് ജെം പോർട്ടൽ മുഖേന ആയിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, ആലപ്പുഴ.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ധനകാര്യവകുപ്പ്(ഫയൽ നം.3170161/I&PW-A2/292/2025-FIN, തീയതി 19/02/2026)

ധനകാര്യ (ബഡ്ജറ്റ് വിംഗ് - എഫ്) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.എ2/95/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 25-02-2026 11:59:33

സെക്ഷൻ ഓഫീസർ